**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178** **03-03-2025 - ൽ മറുപടിയ്ക്ക്**

**കോളേജുകളിൽ റാഗിങ് തടയാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ റാഗിംഗ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു.<br><br>1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തുന്ന എല്ലാ കോഴ്സുകളുടേയും പ്രോസ്പെക്ടസുകളിൽ **റാഗിംഗ്** നിരോധനം സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.<br><br>2. പ്രോസ്പെക്ടസിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥി/വിദ്യാർത്ഥിനികളിൽ നിന്നും രക്ഷിതാക്കൾ സാക്ഷ്യപ്പെടുത്തിയ ആന്റി റാഗിംഗ് അണ്ടർടേക്കിംഗ് എഴുതി വാങ്ങി സൂക്ഷിക്കുന്നുണ്ട്.<br><br>3. എല്ലാ കോളേജുകളിലും സ്ഥലം പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ കൂടി ഉൾപ്പെടുന്ന ആന്റി റാഗിംഗ് കമ്മിറ്റിയും ആന്റി റാഗിംഗ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.<br><br>4. ഒന്നാം വർഷ വിദ്യാർത്ഥി/വിദ്യാർത്ഥിനികളുടെ പ്രവേശനത്തിന് മുൻപേ ഹോസ്റ്റലുകളിൽ സ്ഥാപിച്ച CCTV ക്യാമറ സംവിധാനം ശക്തിപ്പെടുത്താറുണ്ട്.<br><br>5. ഒന്നാം വർഷ വിദ്യാർത്ഥികളെ ഹോസ്റ്റലിൽ പ്രത്യേക ബ്ലോക്ക് തിരിച്ച് താമസിപ്പിച്ച് വരുന്നു. ഇവർക്കായി പ്രത്യേക വാഹന സൗകര്യവും ഏർപ്പെടുത്തി വരുന്നു. സുരക്ഷ മുൻനിർത്തി ഒന്നാം വർഷ വിദ്യാർത്ഥികൾ ഹോസ്റ്റലുകളിൽ 7 മണിക്ക് മുൻപായി പ്രവേശിക്കുന്നതിന് സമയക്രമം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 6. ഹോസ്റ്റലിലും സ്ഥാപനത്തിലും കാന്റീൻ ലൈബ്രറി മുതലായ ഇടങ്ങളിലും റാഗിംഗ് സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിന് പോസ്റ്ററുകളും അത്തരം സംഭവങ്ങൾ ഉണ്ടായാൽ പരാതി നൽകുന്നതിനുള്ള ഫോൺ നമ്പറുകളും പ്രദർശിപ്പിച്ചിട്ടുണ്ട്.<br><br>7. സീനിയർ വിദ്യാർത്ഥികൾക്ക് ആന്റി റാഗിംഗ് സംബന്ധിച്ച ക്ലാസുകൾ നൽകി വരുന്നുണ്ട്.<br><br>8. പുതുതായി പ്രവേശിക്കുന്ന വിദ്യാർത്ഥികളുടെ നിരീക്ഷണത്തിനായി അസിസ്റ്റന്റ് വാർഡന് പ്രത്യേകം നിർദ്ദേശം നൽകാറുണ്ട്.<br><br>9. എല്ലാ ദിവസവും വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തുന്നതിന് പ്രത്യേകമായി അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ട് (ആന്റി റാഗിംഗ് സ്ക്വാഡ്) ഇവർ വിദ്യാർത്ഥികളുമായി സംസാരിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവ ശേഖരിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നു.<br><br>10. ഹോസ്റ്റലുകളിൽ പുതുതായി പ്രവേശിപ്പിച്ചവരെ സീനിയർ വിദ്യാർത്ഥികളോ മറ്റാളുകളോ സന്ദർശിക്കുന്നുണ്ടോയെന്ന് കൃത്യമായി നിരീക്ഷണത്തിന് വിധേയമാക്കാറുണ്ട്.<br><br>11. റാഗിംഗിൽ ഏർപ്പെടുന്നതിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും പങ്കെടുപ്പിച്ച് ക്ലാസുകൾ നടത്തി വരുന്നു.<br><br>12. റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ആയത് ആന്റി റാഗിംഗ് കമ്മിറ്റി 24 മണിക്കൂറിനകം പരിശോധിച്ച് റാഗിംഗ് നടന്നതായി ബോധ്യപ്പെട്ടാലുടൻ പോലീസിൽ അറിയിക്കുകയും വിദ്യാർത്ഥികളെ താത്കാലികമായി സ്ഥാപനത്തിൽ നിന്ന് /ഹോസ്റ്റലിൽ നിന്ന് പുറത്താക്കുകയും ചെയ്യുന്നതാണ്.<br><br>13. കൂടാതെ, യു ജി സി ആന്റിറാഗിംഗ് വെബ് സൈറ്റിൽ പരാതികൾ സമർപ്പിക്കുന്നതിനും 'ആന്റി റാഗിംഗ് പോസ്റ്ററുകൾ കോളേജുകളിൽ പല സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ കേരള ആരോഗ്യ സർവ്വകലാശാല കോളേജുകൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പൂക്കോട് വെറ്റിനറി കോളേജിൽ സിദ്ധാർത്ഥൻ എന്ന വിദ്യാർത്ഥി റാഗിങ്ങിനെ തുടർന്ന് മരണപ്പെട്ട | (ബി) | മറുപടി (എ) പിരിവിൽ നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | സംഭവത്തിനു ശേഷം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | കോട്ടയം നഴ്സിംഗ് കോളേജിൽ നിരവധി റാഗിങ് പരാതികൾ ഉയർന്ന സാഹചര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയാൻ പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിൽ റാഗിംഗ് പരാതി ഉയർന്ന സാഹചര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ റാഗിംഗ് തടയുവാൻ താഴെ പറയുന്ന അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. പ്രിൻസിപ്പൽമാരുടെ അടിയന്തിരയോഗം ചേർന്ന് ആന്റിറാഗിംഗ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി.<br><br>2. ഹോസ്റ്റലുകളിലെ CCTV സംവിധാനം കുറ്റമറ്റതാക്കാനും കൃത്യമായ നിരീക്ഷണം ഏർപ്പെടുത്താനും കർശന നിർദ്ദേശം നൽകി.<br><br>3. കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ GNM വിദ്യാർത്ഥികളെ റാഗിംഗിന് വിധായരാക്കിയവർക്കെതിരെ ആന്റി റാഗിംഗ് റൂൾസ് & റെഗുലേഷൻസ് പ്രകാരവും INC അനുശാസിക്കുന്ന ചട്ടങ്ങൾ പ്രകാരവും അടിയന്തിര ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനു KNMC യ്ക്ക് ശിപാർശ നൽകുവാൻ പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>4. റാഗിംഗിനു ഇരയായ വിദ്യാർത്ഥികൾക്ക് അടിയന്തിര കൗൺസിലിംഗ് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ